# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2755** **20/03/2015** ൽ മറുപടിക്ക്

## സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഏതൊക്കെ ക്ലാസുകളിലെ കുട്ടികൾക്കാണ് സൗജന്യ ഉച്ചഭക്ഷണം നൽകി വരുന്നത് ; | (എ) | 1.സർക്കാർ എയ്ഡഡ് വിദ്യാലയ ങ്ങളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾ<br>2.സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ നടത്തുന്ന വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അംഗീകാരം ലഭിച്ച പ്രീ-പ്രൈമറി സ്കൂൾ കുട്ടികൾ (പി.ടി.എ നടത്തുന്നതുൾപ്പെടെ)<br>3.എം.ജി.എൽ.സി/ബദൽസ്കൂളിലെ കുട്ടികൾ<br>4.ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കാ യുള്ള സർക്കാർ അംഗീകൃത സ്കൂളുകളിലെ കുട്ടികൾ<br>5.ടെക്നിക്കൽ ഹൈസ്കൂളുകളിലെ 8-ആം ക്ലാസ് വിദ്യാർത്ഥികൾ |
| (ബി) | മെനു വ്യക്തമാക്കാമോ ; | (ബി) | വൈവിധ്യമുള്ളതും, പോഷകപ്രദവുമായ സമീ കൃതാഹാരം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെ ടുത്താണ് നൽകി വരുന്നത്. |
| (സി) | ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നതിനുമുമ്പ് അദ്ധ്യാപകർ കഴിച്ചിരിക്കണമെന്ന് നിർബന്ധമുണ്ടോ ; വ്യക്തമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | സ്കൂൾ അദ്ധ്യാപകരോ മറ്റ് ഉത്തരവാദപ്പെട്ടവരോ കുട്ടികൾക്ക് ആഹാരം വിതരണംചെയ്യുന്നതിന് അരമണിക്കൂർ മുമ്പെങ്കിലും ടി ആഹാരം ഭക്ഷിച്ച് ഗുണമേന്മ ഉറപ്പാക്കിയ ശേഷമേ കുട്ടികൾക്ക് കൊടുക്കുന്നുള്ളൂവെന്ന് അതാത് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 20.02.2015 തീയതിയിലെ എൻ.എം.1/10999/2015/ഡി.പി.ഐ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഉച്ചഭക്ഷണമല്ലാതെ എന്തൊക്കെ പോഷകാഹാരങ്ങളാണ് വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ആഴ്ചയിൽ ഒരു ദിവസം മുട്ടയും, രണ്ട് ദിവസം 150 മി.ലി.പാലും കുട്ടികൾക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ